Mathrubhumi 30-09-18, P-10

# ഇടുക്കിയിൽ ചെറുകിട തേയില കർഷകർ കൃഷി ഉപേക്ഷിക്കുന്നു

**സന്ദീപ് രാജാക്കാട്**

രാജാക്കാട്: കനത്ത മഴയും മണ്ണിടിച്ചിലും ഉൽപ്പാദനക്കുറവും മൂലം ഹൈറേഞ്ചിലെ ചെറുകിട തേയില കർഷകർ പ്രതിസന്ധിയിൽ. എടുക്കുന്ന കൊളുന്ത് യഥാസമയം വിറ്റഴിക്കാൻ കഴിയാത്തതും തേയില സംസ്കരിക്കുവാൻ മതിയായ സൗകര്യങ്ങളില്ലാത്തതും കർഷകർക്ക് തിരിച്ചടിയായി. സാഹചര്യങ്ങളെല്ലാം പ്രതികൂലമായതോടെ ചെറുകിട നാമമാത്ര തേയില കർഷകരിൽ പലരും കൃഷി ഉപേക്ഷിക്കുകയാണ്.



ഹൈറേഞ്ചിലെ തേയില കൃഷി

ഇടുക്കി ജില്ലയിലെ ഉപ്പുതറ,കുമളി,വണ്ടൻമേട്,പീരുമേട്,വാഗമൺ,ഉപ്പാർ,ശാന്തൻപാറ,ബൈസൺവാലി,വെള്ളത്തൂവൽ,പള്ളിവാസൽ,കൊന്നത്തടി,വാഴവര,അറക്കുളം, കാമാക്ഷി,തോപ്രാംകുടി തുടങ്ങിയ പ്രദേശങ്ങളിലായി ഏകദേശം പതിമൂവായിരത്തോളം കർഷകരാണ് തേയില മുഖ്യ വിളയായി കൃഷിചെയ്യുന്നത്. 50 സെന്റ് മുതൽ 5 ഏക്കർ സ്ഥലത്തുവരെ കൃഷിചെയ്യുന്നവർ ഇക്കൂട്ടത്തിലുണ്ട്. ഒരേക്കർ ഭൂമിയിൽ കൃഷി ചെയ്യുവാൻ ഒന്നര ലക്ഷത്തോളം രൂപ പ്രാഥമിക ചെലവ് വരും. തുടർന്നുള്ള വർഷങ്ങളിലെ വളപ്രയോഗം, കുമിൾ കീട നാശിനികൾ തളിക്കൽ,തണൽ ക്രമീകരിക്കൽ,ജലസേചനം,കൊളുന്തെടുക്കൽ തുടങ്ങി ഫാക്ടറികളിൽ കൊളുന്ത് എത്തിച്ച് നൽകുന്നതിനും വൻതുക ചെലവ് വരുന്നുണ്ട്. ശരാശരി 50 കിലോഗ്രാം കൊളുന്താണു ഒരു തൊഴിലാളി ഒരു ദിവസം എടുക്കാറുള്ളത്. 350 രൂപ മുതലാണു ദിവസ വേതനം.

കനത്ത മഴ മൂലം ഇത്തവണ ഉത്പാദനം മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവാണ്. പണിക്കൂലി അടക്കം ഉത്പാദനച്ചെലവ് ഗണ്യമായി വർധിക്കുകയും ചെയ്തു. നാലര കിലോഗ്രാം പച്ചക്കൊളുന്തിനു ഒരു കിലോഗ്രാം തേയിലപ്പൊടി കിട്ടുമെന്നാണു കണക്ക്. അതാത് സമയത്തെ തേയിലപ്പൊടിയുടെ മാർക്കറ്റ് വിലയുടെ 15ശതമാനം കൊളുന്ത് വിലയായി നൽകണമെന്ന് ടീ ബോർഡ് നിർദ്ദേശമുണ്ടെങ്കിലും ഇത് പാലിക്കപ്പെടുന്നില്ല. കിലോഗ്രാമിനു 18.5 രൂപ വരെയാണു കിട്ടിക്കൊണ്ടിരിക്കുന്നത്. കൊളുന്ത് വാടാതെ ഫാക്ടറികളിൽ എത്തിക്കുന്നതിനായി വെള്ളം തളിച്ചാണു വാഹനങ്ങളിൽ കയറ്റുന്നത്. ജലാംശത്തിന്റെ പേരിൽ കമ്പനികൾ തൂക്കത്തിന്റെ 11ശതമാനം കുറയ്ക്കാറുമുണ്ട്. ലഭിക്കുന്ന വിലയിൽ രണ്ടര രൂപയോളം വണ്ടിക്കൂലിയിനത്തിലും ചെലവാകും. 25 രൂപയെങ്കിലും സ്ഥിരവില ലഭിച്ചാൽ മാത്രമെ തങ്ങൾക്ക് കൃഷിയുമായി മുന്നോട്ട്പോകുവാൻ കഴിയു എന്ന് കർഷകർ പറയുന്നു.

മഴ മൂലം മൂന്ന് മാസമായി കൊളുന്ത് ഉൽപ്പാദനം തീർത്തും കുറവാണ്. ഇപ്പോഴത്തെ സ്ഥിതി വച്ച് 25 രൂപയെങ്കിലും കിട്ടിയാലെ നഷ്ടമില്ലാതെ ഈ കൃഷി നടത്താനാകു എന്ന് കർഷകർ ചൂണ്ടിക്കാട്ടുന്നു. വൻകിട തോട്ടങ്ങളിൽ കൊളുന്തെടുക്കൽ സജീവമായതോടെ നിലവിൽ കർഷകരുടെ കൊളുന്തിനു ഡിമാന്റ് കുറഞ്ഞിരിക്കുകയാണ്. എടുക്കുന്ന കൊളുന്ത് പൂർണ്ണമായും ഫാക്ടറികൾ വാങ്ങുന്നുമില്ല. ഇക്കാരണത്താൽ കൃഷിയിടങ്ങളിൽ പാകമായി നിൽക്കുന്ന ഇലകൾ പൂർണ്ണമായി എടുക്കുവാൻ കർഷകർ ഭയക്കുകയാണ്. മണ്ണിടിച്ചിലും ഉരുൾപൊട്ടലും മൂലം മിക്ക കൃഷിയിടങ്ങളിലും വൻതോതിൽ ചെടികൾ നശിച്ചിട്ടുണ്ട്. കൃഷി ഭൂമി പൂർവ്വ സ്ഥിതിയിലാക്കി തേയിലകൃഷി പുനരാരംഭിക്കുവാൻ കഴിയാത്ത അവസ്ഥയാണ് പല തോട്ടങ്ങളിലും. കനത്ത മഴയിൽ വളക്കൂറുള്ള മേൽ മണ്ണ് ഒലിച്ചുപോയത് തേയിലച്ചെടികളുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കൊളുന്തിന്റെ ഉത്പാദനം തീർത്തും കുറയുന്നതിനും ഇതു കാരണമായിട്ടുണ്ട്. തേയില കൃഷിയിൽ ചെറുകിട കർഷകർക്ക് മതിയായ സഹായങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി കർഷകർ ഉന്നയിക്കുന്നുണ്ട്.